## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *183 07.07.2015-ൽ മറുപടിയ്ക്ക്

## ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം

ചോദ്യം
ശ്രീ.പി.ടി.എ.റഹീം
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് അടിസ്ഥാന സൗകര്യത്തിന്റെയും മറ്റും അഭാവത്തിൽ സാധിക്കാത്ത പ്രദേശങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | അവലോകനം നടത്തിയിട്ടുണ്ട്. മിക്ക പട്ടികവർഗ്ഗ ഊരുകളും വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ . ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ അദ്ധ്യാപകരക്ഷകർത്തൃ സംഘടനയുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സങ്കേതങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും തിരിച്ച് സങ്കേതങ്ങളിൽ എത്തിക്കുന്നതിനുമായി ഗോത്രസാരഥി പദ്ധതി മുഖേന വാഹന സൗകര്യം ഏർപ്പെടുത്തി വരുന്നുണ്ട്. 2014-15 അദ്ധ്യയനവർഷം 4 കോടി രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷവും ടി പദ്ധതിയ്ക്ക് വേണ്ടി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് പ്രധാനമായും വേണ്ടതെന്താണെന്നും അത് ലഭ്യമാക്കാൻ സാദ്ധ്യമാകാത്തത് എന്ത് കാരണത്താലാണെന്നും പരിശോധിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ആദിവാസി മേഖലയിൽ വിദ്യാഭ്യാസം നൽകുന്നതിന് ചെലവഴിക്കുന്ന തുക ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | സി) | ആദിവാസി മേഖലയിൽ വിദ്യാഭ്യാസത്തിന് വേണ്ടി വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.<br>19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി വരുന്നത്. താമസം, ബാഗ്, യൂണിഫോം, ചെരുപ്പ്, സൗജന്യ ഭക്ഷണം എന്നിവ നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും സ്കൂളിൽ നിന്നും കൊഴിഞ്ഞ് പോക്ക് തടയുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വളരെയധികം സഹായകമാണ്. കൂടാതെ വിവിധ ജില്ലകളിലായി 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടി തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം എന്നിവയിൽ പ്രീട്രെയിനിംഗ് കൊടുത്ത് ടി വിഷയങ്ങളിൽ കുട്ടികളെ കഴിവുള്ളവരാക്കാൻ ഉദ്ദേശിച്ച് ഒരു |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, ട്യൂഷൻ ക്ലാസ് എന്നിവ നൽകുന്നുണ്ട്. |
| ഡി) | ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിലും വായനയിൽ കൂടിയും അറിവ് ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ്? | ഡി) | സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ മേഖലകളിൽ അവബോധം വളർത്തുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി താഴെ പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>1. സ്വന്തമായി കെട്ടിടമുള്ള എല്ലാ സ്കൂളുകളിലും ഹോസ്റ്റലുകളിലും വായന ശീലം വളർത്തുന്നതിന് ഈ സർക്കാർ ലൈബ്രറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>2. സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി<br>3. സർഗ്ഗോത്സവം<br>4. സഹവാസ ക്യാമ്പ്<br>5. നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ പദ്ധതികൾ ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിൽ അറിവ് ലഭിക്കുന്നതിന് ഉതകുന്നതാണ്. |

സെക്ഷൻ ഓഫീസർ